## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4134 — 26.06.2013 -ൽ മറുപടിയ്ക്ക്

# എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന്റെ പ്രവർത്തനം പബ്ലിക് ഓഫീസ് കെട്ടിടത്തിലേയ്ക്ക് മാറ്റാൻ നടപടി

ചോദ്യം — ഉത്തരം

**ശ്രീ. വി. ശിവൻകുട്ടി** — **ശ്രീ. ഷിബു ബേബി ജോൺ**
(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരത്ത് ഒരു സ്വകാര്യ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് പബ്ലിക് ഓഫീസ് കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടോ; | (എ) | എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, പബ്ലിക് ഓഫീസിലെ വാണിജ്യ നികുതി വകുപ്പ് ഒഴിഞ്ഞ കെട്ടിടത്തിലേയ്ക്കോ അല്ലെങ്കിൽ പഞ്ചായത്ത് ഡയറക്ടറേറ്റോ, അർബൻ അഫയേഴ്സ് ഡയറക്ടറേറ്റോ ഒഴിയുന്ന കെട്ടിടത്തിലേയ്ക്കോ മാറ്റുന്നതിനുവേണ്ടി 27.07.2010 -ന് ലാൻറ് റവന്യൂ കമ്മീഷണർക്ക് കത്തയച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ ഏതെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | പബ്ലിക് ഓഫീസ് കെട്ടിടത്തിലെ വാണിജ്യ നികുതി ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം ഒഴിയുന്ന മുറയ്ക്ക് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന് വിട്ടുകിട്ടുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർക്ക് കത്തയച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിഗണനയിലാണ്. |
| (സി) | തിരുവനന്തപുരം പബ്ലിക് ഓഫീസിൽ നിന്നും വാണിജ്യ നികുതി വകുപ്പ്, എക്സൈസ് കമ്മീഷണറേറ്റ് എന്നീ ഓഫീസുകൾ സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റിയതുമൂലം ഈ സ്ഥലം ഒഴിഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് പ്രസ്തുത സ്ഥലത്തേയ്ക്ക് മാറ്റുന്നതിന് ഏതെങ്കിലും | (ഡി) | ഇല്ല. |

| | | | |
|---|---|---|---|
| | തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്താണ് എന്ന് വ്യക്തമാക്കാമോ; | | |
| (ഇ) | എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് പ്രസ്തുത കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റേറ്റ് കമ്മിറ്റി കൂടുന്നതിനുള്ള നടപടി സത്വരമായി സ്വീകരിക്കാമോ? | (ഇ) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ